"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുമരാമത്ത് വകുപ്പ് - ബഹു.തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം **119/03** ലെ ഉത്തരവ് - നഷ്ടപരിഹാര തുക ഒടുക്കൽ - ഭരണാനുമതി നൽകി ഉത്തരവാകുന്നു.

---

പൊതുമരാമത്ത് (ഡി) വകുപ്പ്

സ.ഉ.(സാധാ) നം.**913/2025/PWD** തിരുവനന്തപുരം, തീയതി, **23-06-2025**

---

പരാമർശം:- 1. സഉ(അച്ചടി)**32/2019**/ധന തീയതി **18.03.2019**

2. ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ **21.05.2025** ലെ **CEPWD/5610/2025-C3(F)-NH** നം. കത്ത്.

**ഉത്തരവ്**

ബഹു.തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ കേസ്.നം. **119/03** ലെ ഉത്തരവ് അനുസരിച്ച് പ്രസ്തുത കേസ് തീർപ്പാക്കുന്നതിലേയ്ക്കായി **1,30,343/-** രൂപ അനുവദിക്കണമെന്ന് പരാമർശിത കത്ത് പ്രകാരം ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ അഭ്യർത്ഥിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം പരിശോധിച്ചു ബഹു.തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ **119/03** ലെ ഉത്തരവ് പ്രകാരം ഒടുക്കുവാനുള്ള തുകയായ **1,30,343/-** രൂപ (ഒരു ലക്ഷത്തി മുപ്പതിനായിരത്തി മുന്നൂറ്റി നാൽപത്തിമൂന്ന് രൂപ മാത്രം) യുടെ ഭരണാനുമതി അധിക തുക തിരിച്ചടയ്ക്കണമെന്ന നിബന്ധനയോടെ ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

**3.** പ്രസ്തുത തുക **2025-26** സാമ്പത്തിക വർഷത്തിൽ '**5054-01-800-97**-പി (സി)' എന്ന ശീർഷകത്തിൽ വകയിരുത്തപ്പെട്ട തുകയിൽ നിന്ന് ചെലവാക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശ്രീദേവി ഇ എസ്
ജോയിന്റ് സെക്രട്ടറി

ചീഫ് എഞ്ചിനീയർ, ദേശീയപാതാ വിഭാഗം, തിരുവനന്തപുരം.
എക്സി.എഞ്ചിനീയർ (ദേശീയപാതാ)പൊതുമരാമത്ത് വകുപ്പ്, കൊല്ലം.
ജില്ലാകളക്ടർ, തിരുവനന്തപുരം..
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

ഉത്തരവിൻ പ്രകാരം

Signed by
Chithra G S
Date: 23-06-2025 17:25:10

സെക്ഷൻ ഓഫീസർ